# 16

# ഗലീലക്കു വടക്ക്

**വായനാ ഭാഗം #5**

IV. ഒന്നാമത്തെ പെസഹാ മുതൽ രണ്ടാമത്തേതുവരെ (തുടർച്ച).
- C. യെഹൂദ്യയിൽ നിന്ന് ഗലീലിയിലേക്കുള്ള മാറ്റം.
  1. ആ മാറ്റത്തിനുള്ള കാരണങ്ങൾ (മത്താ. 4:12; മർക്കൊ. 1:14; ലൂക്കൊ. 3:19, 20; യോഹ. 4:1–3).
  2. ശമര്യയിലെ സംഭവം (യോഹ. 4:4–42).
  3. ഗലീലയിൽ എത്തുന്നു (ലൂക്കൊ. 4:14; യോഹ. 4:43–45).
- D. ഗലീലയിലെ യേശുവിന്റെ ഉപദേശത്തെ കുറിച്ചുള്ള പൊതുവായ വിവരണം (മത്താ. 4:17; മർക്കൊ. 1:14, 15; ലൂക്കൊ. 4:14, 15).
- E. കാനാവിലെ രണ്ടാമത്തെ അത്ഭുതം (യോഹ. 4:46–54).
- F. ഗലീലയിലെ കഫർന്നഹൂമിലേക്കുള്ള മാറ്റം (മത്താ. 4:13–16).
- G. നാല് മീൻപിടുത്തക്കാരെ വിളിക്കുന്നു (മത്താ. 4:18–22; മർക്കൊ. 1:16–20; ലൂക്കൊ. 5:1–11).

**മുഖവുര**

"എല്ലാറ്റിനും ഒരു ആദ്യ സമയം" എന്ന പാഠം യെരുശലേമിലും യെഹൂദ്യയിലും ഉള്ള യേശുവിന്റെ പ്രാരംഭ ശുശ്രൂഷയെ കുറിച്ചുള്ളതാണ് – അതു യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരമുള്ളതാണ്. ഈ പഠനത്തിൽ, ഗലീലക്കു വടക്കു ഭാഗത്തേക്കു രംഗം മാറുന്നു. സംക്ഷിപ്ത വിവരണങ്ങൾ കേന്ദ്രീകരിക്കുന്നത്, ഒന്ന്–ഒന്നര വർഷം നീണ്ടുനിന്ന "വലിയ ഗലീലിയ ശുശ്രൂഷയെ" കുറിച്ചാണ്. ഈ പാഠത്തിൽ ചർച്ച ചെയ്യുന്നത് ആ ശുശ്രൂഷയെ സംബന്ധിച്ചുള്ള പ്രാഥമിക കാര്യങ്ങളാണ്.

**വടക്കോട്ട് യാത്ര ചെയ്യേണ്ട സമയം**
**(മത്താ. 4:12; മർക്കൊ. 1:14;**
**ലൂക്കൊ. 3:19, 20; യോഹ. 4:1-4)**

യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ സ്നാനപ്പെടുത്തുകയും ഉപദേശിക്കുകയും ചെയ്തു കൊണ്ടു – യേശുവും തന്റെ ശിഷ്യന്മാരും യെഹൂദ്യയിൽ വിജയം ആസ്വദിക്കുകയായിരുന്നു (യോഹന്നാൻ 3:22, 26; 4:1). ആ വിജയത്തിന്റെ ഉച്ചകോടിയിൽ, യെഹൂദ്യ വിട്ട് ഗലീലിയിലേക്കു പോകേണ്ട സമയമായി എന്നു ക്രിസ്തു തീരുമാനിച്ചു. ആ പ്രത്യേക സമയത്തുള്ള മാറ്റത്തിന് രണ്ടു വസ്തുതകൾ കാരണമായി.

മത്തായിയും മർക്കൊസും ആ തീരുമാനത്തിനു ഒരു കാരണം നല്കിയിരിക്കുന്നു. മത്തായി 4:12 പറയുന്നു, "യോഹന്നാൻ തടവിൽ ആയി

[ഹെരോദാവിനാൽ][1] എന്നു കേട്ടാറെ, അവൻ ഗലീലെക്കു വാങ്ങി പ്പോയി" (മർക്കൊസ് 1:14 നോക്കുക). ഇടപ്രഭുവായിരുന്ന ഹെരോദാവ്, തന്റെ അനന്തിരവളും, ഫിലിപ്പൊസിന്റെ ഭാര്യയുമായിരുന്ന,[2] ഹെരോദ്യയുമായി കഴിയുകയായിരുന്നു. ഭയമില്ലാതിരുന്ന സ്നാപകൻ ഹെരോദാവിനോടു പറഞ്ഞു, "അവൾ നിനക്കു ഭാര്യയായിരിക്കുന്നതു വിഹിതമല്ല" (മത്തായി 14:4). അതു ഹെരോദ്യയെ ക്ഷുഭിതയാക്കുകയും, ഹെരോദാവിനെക്കൊണ്ടു യോഹന്നാനെ തടവിലാക്കുകയും ചെയ്തു (മർക്കൊസ് 6:17–19). ഭരണാധികാരി "യോഹന്നാനെ തടവിലടക്കുകയും ചെയ്തു" (ലൂക്കൊസ് 3:20).

യോഹന്നാനെ തടവിലാക്കിയശേഷം യേശു ഗലീലെക്കു വാങ്ങി പ്പോയതായി നിങ്ങൾ വായിക്കുമ്പോൾ, ഹെരോദാവ് തന്നെയും തടവിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിഞ്ഞു, അവനിൽ നിന്നു രക്ഷപ്പെ ടുവാനുള്ള ശ്രമത്തിൽ പോയതാകാം എന്നു നിങ്ങൾ കരുതി യേക്കാം. വാസ്തവത്തിൽ, ക്രിസ്തു പോയത് ഹെരോദാവിന്റെ തന്നെ പ്രദേശത്തേക്കായിരുന്നു (ലൂക്കൊസ് 23:6, 7 നോക്കുക). പിന്നെ, യോഹന്നാനെ തടവിലാക്കിയത്, യേശുവിനെ ഗലീലെക്കു പോകുവാൻ പ്രേരി പ്പിച്ചത് എന്തുകൊണ്ടാണ്? യേശു വടക്കോട്ടു പോയത് യോഹ ന്നാന്റെ ആ പ്രദേശത്തുള്ള[5] ശിഷ്യന്മാർ ചിതറി പോകാതിരിക്കുവാൻ, അവരെ പ്രബോധിപ്പിക്കേണ്ടതിനായിരുന്നു എന്നു ചിലർ കരുതുന്നു.

എന്തുകൊണ്ടു യെഹൂദ്യ വിട്ടുപോകുന്നതാണ് നല്ലതെന്നു യേശു കരുതി എന്നതിനു മറ്റൊരു കാരണവും യോഹന്നാൻ പറയുന്നുണ്ട്: "യേശു യോഹന്നാനേക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു എന്നു പരീശന്മാർ കേട്ടു എന്നു കർത്താവു അറിഞ്ഞ പ്പോൾ, ... അവൻ യെഹൂദ്യ ദേശം വിട്ടു ..." (യോഹന്നാൻ 4:1–3). പരീശന്മാരുമായി നേരിട്ടുള്ള ഏറ്റുമുട്ടൽ യേശു ഒഴിവാക്കുവാൻ ആഗ്രഹിച്ചു – അതുകൊണ്ട് കുറച്ചു കാലത്തേക്കെങ്കിലും – അവൻ അവരുടെ സ്വാധീന ശക്തിയുള്ള ദേശം വിട്ടുപോയി. യെഹൂദ്യയിൽ ഒരു വർഷം ചിലവഴിച്ച ശേഷം, യേശുവും അവന്റെ ശിഷ്യന്മാരും "വീണ്ടും ഗലീലെക്കു യാത്രയായി" (യോഹന്നാൻ 4:3).[4]

### വിശ്രമത്തിനായി തങ്ങി (യോഹ. 4:4-42)

യെഹൂദ്യയിൽ നിന്ന് ഗലീലെക്കു നേരിട്ടുള്ള മാർഗ്ഗങ്ങൾ കൂടുതലും ശമര്യ[5] പ്രദേശം വഴിയായിരുന്നു, എന്നാൽ മിക്ക യെഹൂദന്മാരും, ശമര്യക്കാരോടുള്ള അവരുടെ അനിഷ്ടം നിമിത്തം, യെഹൂദ്യയിൽ നിന്ന് ഗലീലിയിലേക്ക് വളഞ്ഞ വഴിയിൽകൂടിയാണ് പോയിരുന്നത്: അവർ കിഴക്കോട്ട് യാത്ര ചെയ്ത്, യോർദ്ദാൻ കടന്ന്, ഗലീലയിലേക്കു കടക്കുന്നതു വരെ നദിയുടെ കിഴക്കേതീരം വഴി പോകുമായിരുന്നു. എങ്കിലും, യേശു, നേരെ വടക്കോട്ട് ശമര്യ വഴിയാണ് യാത്രചെയ്തത്.

യോഹന്നാൻ എഴുതിയത് ക്രിസ്തുവിന് ''ശമര്യ വഴി കടന്നു പോകേ*ണ്ടിയിരുന്നു*" എന്നാണ് (യോഹന്നാൻ 4:4; എംഫസിസ് മൈൻ). അവൻ ധൃതിയിലായിരുന്നതുകൊണ്ട് അവനു അതുവഴി ചിലപ്പോൾ "*പോകേണ്ടിവന്നു.*" നേരിട്ടുള്ള വഴിയിൽ കൂടെ അവൻ പോയതുകൊണ്ട് അവന്ന് മൂന്നുദിവസത്തെ യാത്രാസമയം ലാഭിക്കുവാൻ കഴിഞ്ഞു.

എങ്ങനെയായാലും, അവൻ പല ദിവസങ്ങളോളം ശമര്യയിൽ തങ്ങി എന്ന വസ്തുത (യോഹന്നാൻ 4:40) അത് അസാധ്യമാക്കുന്നു. മിക്കവാറും ശമര്യക്കാരുമായി ബന്ധപ്പെടേണ്ടതിന് അവൻ അതുവഴി "പോകേണ്ടിയിരുന്നു." യെഹൂദന്മാർ നിന്ദിക്കപ്പെട്ട ഒരു സങ്കരവർഗ്ഗത്തെ കണ്ടയിടത്ത്, യേശു "കൊയ്ത്തിന് വെളുത്തിരി ക്കുന്ന" ഒരു നിലത്തെ കണ്ടു (യോഹന്നാൻ 4:35).

ശമര്യയുടെ മുഖ്യ സ്ഥാനത്ത്, യേശു കിണറ്റിനരികിൽ ഒരു സ്ത്രീയെ കണ്ടുമുട്ടി, ക്രിസ്തുവിന്റെ ശുശ്രൂഷയിലെ പരസ്പരകൈമാറ്റങ്ങളിൽ ശ്രദ്ധേയമായ ഒന്നു അതിന്റെ ഫലമായും സംഭവിച്ചു. മതപരമല്ലാതെ ജീവിക്കുന്ന വ്യക്തിയെ എങ്ങനെ വിശ്വാസത്തിലേക്ക് കൊണ്ടുവരാമെന്നുള്ളതിന് ഒരു മാതൃക യേശു ആ സ്ത്രീയുമായി നടത്തിയ സംഭാഷണത്തിൽ കാണാം: അവൻ അവളെ എങ്ങനെ കണ്ടുമുട്ടി, അവളിൽ എങ്ങനെ താൽപര്യം ജനിപ്പിച്ചു, അവൻ അവളുടെ തെറ്റുകൾ എങ്ങനെ തിരുത്തി, അവൻ അവളെ എങ്ങനെ പുതിയ സത്യത്തിലേക്കു നയിച്ചു, അവളുടെ പാപത്തെ അവൻ എങ്ങനെ ബോധ്യപ്പെടുത്തി, കൂടാതെ പ്രത്യേകമായി അവളുടെ ഹൃദയത്തിൽ എങ്ങനെ അവൻ വിശ്വാസം വളർത്തിയെന്നും കാണിക്കുന്നു.

ആ ഒരു ബന്ധത്തിന്റെ ഫലമായി, ആ പട്ടണം മുഴുവൻ ഉപദേശിക്കുവാനുള്ള അവസരം ക്രിസ്തുവിന് ലഭിച്ചു. "അവന്റെ വാക്കു നിമിത്തം അനേകർ ... വിശ്വസിച്ചു" (യോഹന്നാൻ 4:41).

## ഗലീലിയിൽ പ്രവർത്തി തുടങ്ങുന്നു (മത്താ. 4:13-17; മർക്കൊ. 1:14, 15; ലൂക്കൊ. 4:14, 15; യോഹ. 4:43-54)

ശമര്യക്കാരുമായി ഏതാനും നാളുകൾ പങ്കിട്ടശേഷം, എസ്ദ്രലോൺ വഴി വടക്കോട്ട്, യേശുവും ശിഷ്യന്മാരും അവരുടെ യാത്ര പുനരാരംഭിച്ചു. ഒടുവിൽ അവർ ദക്ഷിണ ഗലീലിയിലെ മലനിരകളിൽ എത്തി. യേശുക്രിസ്തു ആ പ്രദേശത്ത് തന്റെ വലിയ പ്രവർത്തി ചെയ്യുവാൻ പോകുന്നു.

ആ സമയത്തെ യെഹൂദ മതത്തിന്റെ കേന്ദ്രം യെഹൂദ്യയും യെരുശലേമും ആയിരുന്നപ്പോൾ, യേശു തന്റെ പരിശ്രമങ്ങൾ ഗലീലെയിൽ നടത്തുവാൻ കാരണം എന്തായിരുന്നു? ഇവിടെ മൂന്ന് സാദ്ധ്യമായ വസ്തുതകൾ ഉണ്ട്: (1) യേശു വളർന്നത് ഗലീലെയിൽ ആയിരുന്നു, അതുകൊണ്ട് അവിടം അവനേറ്റവും പരിചിതമായ പ്രദേശങ്ങളാ യിരുന്നു; (2) അന്ന് ജനനിബിഡമായ സ്ഥലമായിരുന്നു ഗലീലെ; (3) ഒരു നിയമമെന്നപോലെ, ഗലീലെക്കാർ യെഹൂദ്യരെക്കാൾ കൂടുതൽ പ്രതികരണമനോഭാവം ഉള്ളവരായിരുന്നു, മതപരമായ വിശ്വാസത്തോടു താൽപര്യം കുറവുള്ളവരുമായിരുന്നു. യൂദ ഒഴിച്ച് മറ്റെല്ലാ അപ്പൊസ്തലന്മാരും ഗലീലെക്കാരായിരുന്നു.

### ഊഷ്മളമായ ഒരു സ്വീകരണം

യെഹൂദ്യയിലെ യേശുവിന്റെ ശുശ്രൂഷയുടെ വർത്തമാനം അവനെ അനുഗമിച്ചു. യോഹന്നാൻ 4:45 പറയുന്നു, ‘‘അവൻ ഗലീലയിൽ എത്തിയപ്പോൾ, ഗലീലക്കാർ തങ്ങളും പെരുന്നാളിന്നു പോയി; അവൻ യെരുശലേമിൽവെച്ചു പെരുന്നാളിൽ ചെയ്തതു ഒക്കെയും കണ്ടതു കൊണ്ട്,

അവനെ അംഗീകരിച്ചു" (നോക്കുക യോഹന്നാൻ 2:23).[6]

യേശു യെഹൂദ്യയിൽ ആയിരുന്നപ്പോൾ ചെയ്തതുപോലെ അവൻ പ്രസംഗിക്കുവാൻ തുടങ്ങി. മർക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത് "യേശു ഗലീലയിൽ വന്നപ്പോൾ, ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട്, പറയുന്നു, 'കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വ സിപ്പിൻ'"[7] (1:14, 15; നോക്കുക മത്തായി 4:17). ലൂക്കൊസ് എഴുതി, "അവൻഅവരുടെ പള്ളികളിൽ ഉപദേശിച്ചു എല്ലാവരും അവനെ പ്രശംസിച്ചു'' (4:15).[8] അതൊരു അനുകൂലമായ തുടക്കമായിരുന്നു.

**അത്ഭുതങ്ങൾ**

യേശു യെഹൂദ്യയിൽ ആയിരുന്നപ്പോൾ ചെയ്തതുപോലെ അവൻ അത്ഭുതങ്ങളും ചെയ്യുവാൻ തുടങ്ങി. ലൂക്കൊസ് 4:14 പറയുന്നതു "യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലെക്കു മടങ്ങിച്ചെന്നു" എന്നാണ്. അത്ഭുതം ചെയ്യുന്നതിലൂടെ യേശു "ആത്മാവിന്റെ ശക്തി" ഉപയോഗിക്കുന്നതിനെയാണ് അതു സൂചിപ്പിക്കുന്നത്. യേശുവിന്റെ മടങ്ങിവരവിനു[9] ശേഷം നടന്ന ആദ്യ അത്ഭുതമായിരുന്നു കാനാവിൽ നടന്നത്.

യേശു "വെള്ളം വീഞ്ഞാക്കി മാറ്റിയ" സ്ഥലത്തേക്ക് അവൻ വീണ്ടും പോകുന്നുണ്ട് (യോഹന്നാൻ 4:46). ഒരുപക്ഷെ നഥനയേൽ, അവിടുത്തുകാരനായിരുന്നതുകൊണ്ട് (യോഹന്നാൻ 21:2), യേശുവിനെ അവന്റെ വീട്ടിലേക്ക് ക്ഷണിച്ചിരിക്കാം. സമീപത്തുള്ള കഫർന്നഹൂമിൽ,[10] ''ഒരു രാജഭൃത്യന്''[11] ''രോഗിയായിരുന്നോരു'' മകൻ ഉണ്ടായിരുന്നു (യോഹന്നാൻ 4:46, 47). യേശു കാനാവിൽ ഉണ്ടെന്നറിഞ്ഞ്, അവൻ ധൃതി യിൽ ചെന്ന് തന്റെ മകനെ സൗഖ്യമാക്കുവാൻ ആവശ്യപ്പെട്ടു.

ആ രാജഭൃത്യൻ യേശുവിനോട് കഫർന്നഹൂമിലേക്കു വരുവാൻ അപേക്ഷിച്ചു, എന്നാൽ ക്രിസ്തു അവനോടു പറഞ്ഞു, "പൊയ്ക്കൊൾക; നിന്റെ മകൻ ജീവിച്ചിരിക്കുന്നു'' (യോഹന്നാൻ 4:50).[12] ആ മനുഷ്യൻ യേശുവിൽ വിശ്വസിച്ച് വീട്ടിലേക്ക് പുറപ്പെട്ടു. അവൻ വീട്ടിൽ ചെന്നപ്പോൾ, യേശു പറഞ്ഞ സമയത്തു തന്നെ തന്റെ മകന് സൗഖ്യം ലഭിച്ചു അവൻ ജീവിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാൻ കഴിഞ്ഞു (യോഹന്നാൻ 4:50–53).[13] ആ ഉദ്യോഗസ്ഥന്റെ മനസ്സിൽ, അതു ആഴത്തിൽ സ്പർശിച്ചു "താനും കുടുംബം ഒക്കെയും വിശ്വസിച്ചു"[14] (യോഹന്നാൻ 4:53).

ഇതും മറ്റ് അത്ഭുതങ്ങളും നടന്നതിനെ കുറിച്ചുള്ള വർത്തമാനം ''ചുറ്റുമുള്ള നാട്ടിൽ ഒക്കെയും പരന്നു'' (ലൂക്കൊസ് 4:14). എല്ലാ ചുണ്ടുകളിലും യേശുവിന്റെ നാമമായിരുന്നു.

**കഫർന്നഹൂമിലേക്ക് മാറി**

തന്റെ പ്രവർത്തനങ്ങൾക്കുള്ള[15] അടിസ്ഥാനമായി കഫർന്നഹൂ മിനെ സ്ഥാപിക്കുക എന്നതായിരുന്നു ഗലീലയിലെ യേശുവിന്റെ ആദ്യത്തെ പ്രവർത്തികളിൽ ഒന്ന്. മത്തായി എഴുതിയത് യേശു ''ഗലീലെക്കു വാങ്ങിപോയി; നസറെത്ത് വിട്ടു, അവൻ കടൽക്കരെയുള്ള, കഫർന്നഹൂമിൽ ചെന്നു പാർത്തു'' (മത്തായി 4:12, 13).[16] യേശുവിന് കഫർന്നഹൂമിൽ സ്വന്തമായി ഒരു ഭവനമില്ലായിരുന്നു (മത്തായി 8:20), എന്നാൽ അവന്റെ

ശിഷ്യന്മാരിൽ ചിലർക്കുണ്ടായിരുന്നു (മർക്കൊസ് 1:21, 29). അന്നുമുതൽ, അവന്റെ ഗലീലാശുശ്രൂഷയിൽ, ക്രിസ്തു കഫർന്നഹൂമിൽ നിന്ന് അധികം ദൂരെ പോയില്ല. ആ പട്ടണത്തിൽ നിന്ന് ദീർഘയാത്രക്കായി അകലെ പോവുകയും, പിന്നെ അവൻ അവിടേക്ക് മടങ്ങിവരികയും ചെയ്തു. (വായിക്കുക മർക്കൊസ് 1:21, 29, 38, 39; 2:1.)

"നഫ്താലിയുടെയും സെബൂലൂന്റെയും അതിരുകളിലായിരുന്നു" കഫർന്നഹൂം സ്ഥിതിചെയ്തിരുന്നത് (മത്തായി 4:13), യിസ്രായേൽ മക്കൾ കനാൻ ദേശത്ത് പ്രവേശിച്ചപ്പോൾ ആ രണ്ടു ഗോത്രങ്ങൾക്ക് പൊതുവായി അനുവദിച്ചു കിട്ടിയ പ്രദേശമായിരുന്നു അത് (യോശുവ 19). യേശു സുപരിചിതമായ ഒരു മശിഹാ പ്രവചനം ഭാഗീകമായി നിറവേറ്റിക്കൊണ്ടാണ് പോയതെന്ന് മത്തായി തന്റെ വായനക്കാരെ ധരിപ്പിക്കുന്നു (മത്തായി 4:14–16; നോക്കുക യെശയ്യാവ് 9:1, 2[17]).

## സഹായം ആഗ്രഹിച്ചു! (മത്താ. 4:18-22; മർക്കൊ. 1:16-20; ലൂക്കൊ. 5:1-11)

വടക്കൻ പ്രദേശത്ത് യേശുവിന് ശക്തിയോടെയുള്ള പ്രവർത്തനം തുടങ്ങുവാൻ ഏതാണ്ട് എല്ലാ ഒരുക്കങ്ങളും യഥാക്രമം നടന്നിരുന്നു. അവന് ഒരു കാര്യം കൂടെ ആവശ്യമായിരുന്നു: മുഴുവൻ സമയവും പ്രവർത്തിക്കുന്ന ശിഷ്യന്മാർ. മത്തായി 4–ഉം, മർക്കൊസ് 1–ഉം, ലൂക്കൊസ് 5–ഉം നാല് മീൻപിടുത്തക്കാരെ വിളിക്കുന്നതിനെ കുറിച്ചു പറയുന്നു: പത്രൊസ്, യാക്കൊബ്, യോഹന്നാൻ, അന്ത്രെയാസ്. അവർ യേശുവിന്റെ യെഹൂദ്യ ശുശ്രൂഷയിലെ[18] ശിഷ്യന്മാരായിരുന്നു എന്നതുകൊണ്ടു, അവരിൽ മിക്കപേർക്കും അല്ലെങ്കിൽ എല്ലാവർക്കും തന്നെ അതു രണ്ടാമത്തെ ക്ഷണമായിരുന്നു.

നമ്മുടെ പഠനം തുടരുമ്പോൾ, യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കുള്ള ക്ഷണത്തിൽ മൂന്ന് ഘട്ടങ്ങൾ ഉണ്ടായിരുന്നതായി നമുക്കു കണ്ടെത്താൻ കഴിയും. ഒന്നാം ഘട്ടം എന്നത് തന്നെ അനുഗമിക്കു ന്നതിനും തന്നിൽ നിന്നു പഠിക്കുന്നതിനുമുള്ള ക്ഷണമായിരുന്നു. വീണ്ടും തങ്ങളുടെ പഴയ ജോലിയിലേക്ക് തിരിച്ചുപോയതായി ചിത്രീകരിച്ച മീൻപിടുത്തക്കാരെ പോലെ – ആ ക്ഷണം ജോലിയും കുടുംബവും വിട്ടുകൊണ്ട് ആയിരിക്കണമെന്നു പറയുന്നില്ല. അവന്റെ ശുശ്രൂഷക്കിടയിൽ, യേശുവിന് ധാരാളം താൽക്കാലിക–ജോലിക്കാർ ഉണ്ടായിരുന്നു. അവൻ ഒരിക്കൽ പ്രസംഗിക്കുവാൻ എഴുപതു ശിഷ്യ ന്മാരെ അയക്കുകയുണ്ടായി (ലൂക്കൊസ് 10:1–20).

രണ്ടാം ഘട്ടം മുഴു–സമയ ശിഷ്യത്വത്തിനുള്ള വിളിയായിരുന്നു. ആ ക്ഷണമനുസരിച്ച ശിഷ്യന്മാർ യേശുവിനോടുകൂടെ സഞ്ചരിക്കുകയും പാർക്കുകയും ചെയ്യേണ്ടിയിരുന്നു. അങ്ങനെയുള്ള ശിഷ്യന്മാ രുടെഎണ്ണം വളരെ കുറവായിരുന്നു. നമ്മുടെ ഇപ്പോഴത്തെ പാഠത്തിലെ സന്ദർഭത്തിൽ നാലു പേരെ വിളിക്കുന്നത് ഈ രണ്ടാമതു പറഞ്ഞിരിക്കുന്ന ഇനത്തിൽപെടുന്നു.

യേശു തന്റെ ശിഷ്യന്മാരിൽ നിന്ന് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് അപ്പൊസ്തലന്മാരാക്കുമ്പോഴാണ് മൂന്നാമത്തെ ഘട്ടത്തിലെത്തുന്നത്. ആ

പ്രാധാന്യമുള്ള സംഭവത്തെ കുറിച്ചു നാം പിന്നീടു പഠിക്കും. ഇപ്പോൾ, എങ്ങനെയായാലും, യേശുവിനോട് തുടർച്ചയായി സഹവസിക്കേണ്ടതിന് ക്ഷണിക്കുന്ന നാല് മീൻ പിടുത്തക്കാരിലാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

മൂന്നു സംക്ഷിപ്ത സുവിശേഷ വിവരണങ്ങളും ആ ക്ഷണത്തെ കുറിച്ചു പറയുന്നുണ്ട്. ഒരു യോജിപ്പിൽ എത്തേണ്ടതിൽ ഉൾപ്പെട്ടിട്ടുള്ള പ്രയാസത്തെ ആ മൂന്നു വേദഭാഗങ്ങളും കാണിക്കുന്നുണ്ട്. മത്തായിയും മർക്കൊസും നാലുപേരെ വിളിക്കുന്നതു പറയുമ്പോൾ, ലൂക്കൊസ് മൂന്നുപേരെ വിളിക്കുന്നതായിട്ടാണ് പറയുന്നത്. നിങ്ങൾ മത്തായിയുടെയും മർക്കൊസിന്റെയും വിവരണങ്ങൾ മാത്രം വായിച്ചാൽ, മറ്റാരെങ്കിലും ഉണ്ടായിരുന്നോ എന്നുള്ളത് നിങ്ങൾക്ക് അറിയുവാൻ സാധ്യമല്ല. എങ്ങനെയായാലും, ലൂക്കൊസ്, യേശു ഒരു പുരുഷാരത്തോട് പ്രസംഗിക്കുന്നതിനെ രേഖപ്പെടുത്തുകയും, മീൻപിടുത്തത്തെ കുറിച്ചുള്ള വലിയ അത്ഭുതത്തെ ബന്ധപ്പെടുത്തിയും പറഞ്ഞിരിക്കുന്നു.

ആ വ്യത്യാസം കാരണം, മത്തായിയും മർക്കൊസും പറയുന്നതിൽ നിന്നും വ്യത്യസ്തമായ സന്ദർഭമാണ് ലൂക്കൊസ് പറയുന്നത് എന്നു ചിലർ ഉറപ്പിക്കുന്നു. എങ്ങനെയായാലും, പല വിശദാംശങ്ങളും സൂചിപ്പിക്കുന്നത്, എല്ലാം ഒരേ സംഭവം തന്നെ ആണെന്നാണ്. ആ മൂന്നു വിവരണങ്ങളും പറയുന്നത് (1) ഒരേ സ്ഥലമാണ് – ഗലീലാ കടൽ[19] (മത്തായി 4:18; മർക്കൊസ് 1:16; ലൂക്കൊസ് 5:1); (2) മൂന്നിലും ഒരേ ആളുകളെ കുറിച്ചാണ് – പത്രൊസും, യാക്കൊബും, യോഹ ന്നാനും (മത്തായി 4:18, 21; മർക്കൊസ് 1:16, 19; ലൂക്കൊസ് 5:3, 10[20]) ; (3) ഒരേ പ്രവർത്തിയാണ് – വൃത്തിയാക്കൽ/വല നന്നാക്കൽ (മത്തായി 4:21; മർക്കൊസ് 1:19; ലൂക്കൊസ് 5:2); (4) ഒരേ ക്ഷണത്തെയാണ് – മനുഷ്യരെ പിടിക്കുന്നവരാക്കുക (മത്തായി 4:19; മർക്കൊസ് 1:17; ലൂക്കൊസ് 5:10); (5) ഒരേ പ്രതികരണത്തെയാണ് – വിട്ട് അവനെ അനുഗമിക്കൽ (മത്തായി 4:20, 22; മർക്കൊസ് 1:18, 20; ലൂക്കൊസ് 5:11).

ഒരേ അവസരത്തെയാണ് അവയെല്ലാം സൂചിപ്പിക്കുന്നതെങ്കിൽ, വിവരണങ്ങൾ എല്ലാം എങ്ങനെ യോജിപ്പിക്കും? താഴെ കൊടുത്തിരിക്കുന്ന സംഭവപരമ്പര[21] പരിഗണിക്കുക.

യേശുവും തന്റെ ശിഷ്യന്മാരും ഗലീലയിലേക്കു മടങ്ങി വന്നപ്പോൾ, നാലു ശിഷ്യന്മാർ – പത്രൊസ്, യാക്കൊബ്, യോഹന്നാൻ, അന്ത്രയോസ് – ഗലീലാ കടലിലേക്കു, അവരുടെ തൊഴിലായ മീൻ പിടുത്തത്തിന് പോയി. ഒരു പ്രഭാതത്തിൽ, വളരെ നേരത്തെ, ആ മീൻ പിടുത്തക്കാർ സാധാരണ മീൻ പിടിക്കാറുള്ള തീരത്തിനരികിലൂടെ യേശു നടന്നുപോയി. നിഷ്ഫലമായ ഒരു രാത്രിക്കുശേഷം, യാക്കൊബും യോഹന്നാനും വല കരയിൽ വെച്ച് വൃത്തിയാക്കി കേടുപാടുകൾ തീർത്തുകൊണ്ടിരിക്കുകയായിരുന്നു. മറ്റുള്ളവരെക്കാൾ കൂടുതൽ കാഠിന്യത്തോടെ, പത്രൊസ് വീണ്ടും ശ്രമിച്ചുകൊണ്ടിരുന്നു; അവസാനം, അവനും പരാജയം സമ്മതിക്കേണ്ടിവന്നു. അവനും അന്ത്രയോസും കരയിലേക്കു മടങ്ങിവന്നു.

അതിനിടയിൽ, യേശു അവിടെ ഉണ്ടെന്നുള്ള വാർത്ത പരന്നിരുന്നു. ഒരു വലിയ ജനക്കൂട്ടമുണ്ടായിരുന്നു. യേശു അവരോട് പ്രസംഗിക്കുവാൻ തുടങ്ങി. ആളുകൾ അവനെ ഞെരുക്കിയപ്പോൾ, അവൻ പത്രൊസിന്റെ പട

കിൽ കയറുകയും തടാകത്തിൽനിന്ന് കുറച്ചുദൂരെ പടക് നീക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അവൻ ആ താൽക്കാലിക പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു തന്റെ പ്രസംഗം പൂർത്തിയാക്കി.

അതിനെ തുടർന്ന് ഒരു അസാധാരണ അത്ഭുതം നടന്നു: അത് മീൻപിടുത്തക്കാരെ അതിശയിപ്പിക്കുന്നതും പത്രൊസിനെ മുട്ടിന്മേൽ[22] വീഴുവാൻ ഇടയാക്കിയതുമായ ശ്രദ്ധേയമായ മീൻപിടുത്തമായിരുന്നു. യേശു അങ്ങനെ മീൻപിടിക്കുന്നവരുടെ ഹൃദയങ്ങളെ തന്റെ ക്ഷണത്തോടു അനുകൂലമായി പ്രതികരിക്കുന്നതാക്കി. മത്തായി അവന്റെ ക്ഷണത്തെയും അവരുടെ പ്രതികരണത്തെയും രേഖപ്പെടുത്തിയിരിക്കുന്നു: "അവൻ അവരോട്, 'എന്റെ പിന്നാലെ വരുവിൻ, ഞാൻ നിങ്ങളെ[23] മനുഷ്യരെ പിടിക്കുന്നവർ ആക്കും.' ഉടനെ അവർ വല വിട്ടേച്ചു അവനെ അനുഗമിച്ചു" (മത്തായി 4:19, 20; നോക്കുക 4:21, 22; മർക്കൊസ് 1:17–20). ലൂക്കൊസിന്റെ വിവരണം അടിസ്ഥാനപരമായി ഒന്നുതന്നെ ആയിരുന്നു, യേശുവിന്റെ ക്ഷണത്തെ ഉദ്ധരിച്ചുകൊണ്ട് പ്രതികരണത്തെ ഈ വാക്കുകളിൽ വിവരിച്ചിരിക്കുന്നു: "'... ഇന്നുമുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും.' പിന്നെ അവർ പടകുകളെ കരെക്കു അടുപ്പിച്ചിട്ടു, സകലവും വിട്ടു അവനെ അനുഗമിച്ചു" (ലൂക്കൊസ് 5:10, 11).

ഈ രീതിയിൽ, ആദ്യമനുഷ്യരെ യേശു സ്ഥിരമായതും തടസ്സമില്ലാത്തതുമായ ശിഷ്യത്വത്തിലേക്ക് ക്ഷണിച്ചു. ഈ സംഭവത്തിന് ദൂര-വ്യാപകമായ അനന്തരഫലങ്ങൾ ഉണ്ടായി. പകലും രാത്രിയും ഇപ്പോൾ യേശുവിന് കൂട്ടുകാർ ഉണ്ടായി എന്നുമാത്രമല്ല, ആ നാലുപേർ അപ്പൊസ്തലന്മാരായി തിരഞ്ഞെടുത്തവരുടെ സംഘത്തിൽ മൂന്നിൽ-ഒരു ഭാഗമായും തീർന്നു. കൂടാതെ, ആ നാലിൽ മൂന്നുപേർ യേശുവിന്റെ പ്രത്യേകതയുള്ള "ആന്തരിക വലയത്തിൽ" ഉൾപ്പെടുകയും ചെയ്തു (മർക്കൊസ് 5:37; 9:2; 14:33).

### ഉപസംഹാരം

യേശുവിന്റെ ഗലീലാ ശുശ്രൂഷക്കുവേണ്ടതെല്ലാം തയ്യാറായി. അടുത്ത പാഠത്തിൽ, യേശു തന്റെ പ്രസംഗം എങ്ങനെ തുടങ്ങിയെന്നും ആ പ്രദേശത്ത് എങ്ങനെ രോഗശാന്തി നടത്തിയെന്നും നാം കാണുന്നു. ആവേശകരമായ ദിവസങ്ങൾ വരുന്നു!

---

കുറിപ്പുകൾ

[1]മത്തായി 14:1–12; മർക്കൊസ് 6:14–29 നോക്കുക. [2]"ഹെരോദാവുമാരിൽ ചിലർ," എന്ന ഈ പുസ്തകത്തിലെ ചാർട്ട് നോക്കുക. [3]അയനോൻ (യോഹന്നാൻ 3:23) യെഹൂദ്യയുടെ വടക്കായിരുന്നു എന്നാണ് മിക്കവരും കരുതുന്നത് . അത് ശമര്യയിൽ ആയിരുന്നേക്കാം. ("ഈ ലക്കത്തിലുള്ള ക്രിസ്തു സഞ്ചരിച്ച സ്ഥലങ്ങൾ" എന്ന ഭൂപടം നോക്കുക.) [4]യേശുവിനോടുകൂടെ അവന്റെ ശിഷ്യന്മാർ സഞ്ചരിച്ചിരുന്നു എന്ന് യോഹന്നാൻ 4:8 നമ്മോടു പറയുന്നു. [5]"ഈ ലക്കത്തിലുള്ള ക്രിസ്തു സഞ്ചരിച്ച സ്ഥലങ്ങൾ" എന്ന ഭൂപടം കാണുക. [6]യോഹന്നാൻ 4:44-ൽ യോഹന്നാൻ ഒരു അസാധാരണ കുറിപ്പ് ഇടയ്ക്കു ചേർക്കുന്നു. നാം വായിക്കുന്നു, "ഒരു പ്രവാചകന് സ്വന്ത ദേശത്ത് ബഹുമാനം ലഭിക്കയില്ല എന്ന് യേശു തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു." യേശു എന്തുകൊണ്ട് യെഹൂദ്യ വിട്ടുപോയി എന്നുള്ളതിന്റെ ഭാഗികമായ വിശദീകരണം ഇതാകാം – എന്നാൽ സുവിശേഷ വിവര

ണങ്ങളിൽ മറ്റെല്ലാ ഭാഗത്തും, ഗലീലാ യേശുവിന്റെ "സ്വന്തദേശമായിട്ടാണ്" പറഞ്ഞിരിക്കുന്നത്. തനിക്ക് ഗലീലയിൽ ലഭിച്ച ഊഷ്മളമായ സ്വീകരണം അധികനാൾ നിലനിൽക്കുകയില്ല എന്ന് യേശു അറിഞ്ഞിരുന്നു എന്നു സൂചിപ്പിക്കുന്ന യാദൃശ്ചിക ചിന്തയെ ഉദ്ദേശിച്ചുള്ളതാകാം ഇത്. (നോക്കുക മത്തായി 13:57; മർക്കൊസ് 6:4; ലൂക്കൊസ് 4:24.) [7]"മാനസാന്തരപ്പെട്ട് വിശ്വസിപ്പിൻ" എന്ന ക്രമം ഏതാണ്ട് അസാധാരണമാണ്. പൊതുവിൽ, ആളുകൾ ആദ്യം യേശുവിൽ വന്ന് വിശ്വസിക്കുന്നു, പിന്നീട് അവരുടെ പാപങ്ങളിൽ നിന്ന് മാനസാന്തരപ്പെടുവാൻ അത് ഇടയാക്കുന്നു. യേശു പ്രസംഗിച്ചത് തിരുവെഴുത്തുകളെ കുറിച്ച് ചില അറിവുള്ള ദൈവത്തിൽ അടിസ്ഥാനപരമായി വിശ്വാസമുള്ള യെഹൂദന്മാരോട് ആയിരുന്നുവെന്ന് ഓർക്കുക. അവർ ദൈവത്തിന്റെ ന്യായപ്രമാണം പാലിക്കുന്നതിൽ പരാജയപ്പെട്ട അവസ്ഥയിൽ മാനസാന്തരപ്പെടേണ്ടിയിരുന്നു. പിന്നീട് അവർ മശിഹയെ (ക്രിസ്തു) കുറിച്ച് പഠിക്കുകയും അവനിൽ വിശ്വസിക്കുകയും വേണമായിരുന്നു. [8]ഒരു നിയമമെന്ന നിലയിൽ, പള്ളികളിൽ ശബ്ബത്തിന് രണ്ടു സ്ഥാപിതമായ കൂടിവരവുണ്ടായിരുന്നു, ഒരു പ്രാവശ്യം തിങ്കളാഴ്ച്ചയും, ഒരു പ്രാവശ്യം വ്യാഴാഴ്ചയും. തിങ്കളാഴ്ച്ചകളും വ്യാഴാഴ്ച്ചകളും പല പട്ടണങ്ങളിലും "ചന്തദിവസങ്ങൾ" ആകകൊണ്ട്, നല്ല ജനത്തിരക്കുണ്ടാവുമെന്ന് ഉറപ്പാണ്. മറ്റു സമയങ്ങളിലെ സ്ഥാപിതമായ കൂടിവരവിനും പള്ളികൾ തുറന്നിരിക്കും. ആ സന്ദർഭങ്ങൾ യേശുവിന് ഉപദേശിക്കുവാൻ നല്ല അവസരങ്ങൾ ഉണ്ടാക്കികൊടുത്തു. [9]"രണ്ടാമത്തെ അടയാളം" എന്ന യോഹന്നാൻ 4:54–ലെ പദപ്രയോഗം ഗലീലയിൽ നടന്ന രണ്ടാമത്തെ അത്ഭുതത്തെ സ്പഷ്ടമായും സൂചിപ്പിക്കുന്നു; ഒന്നാമത്തേത് വെള്ളം വീഞ്ഞാക്കി മാറ്റിയതായിരുന്നു (2:11), ഇത് രണ്ടാമത്തേതായിരുന്നു. തീർച്ചയായും, യേശു യെഹൂദ്യയിൽ ആയിരുന്നപ്പോൾ, വേറെയും അടയാളങ്ങൾ/അത്ഭുതങ്ങൾ ഒരുപക്ഷെ ചെയ്തിട്ടുണ്ടായിരിക്കാം (2:23; 3:2). [10]കഫർന്നഹൂം ഇരുപതോ അതിലധികമോ മൈൽ അകലെ കാനാവിന്റെ വടക്കുകിഴക്കുമാറി സ്ഥിതി ചെയ്തിരുന്നു. "ഈ ലക്കത്തിലുള്ള ക്രിസ്തു സഞ്ചരിച്ച സ്ഥലങ്ങൾ" എന്ന ഭൂപടം കാണുക.

[11]മൂലഗ്രന്ഥത്തിൽ അക്ഷരികമായി "രാജാവിന്റെ മനുഷ്യൻ" എന്നാണ്. ഹെരോദാവിന്റെ രാജധാനിയിലെ ഒരു ഉദ്യോഗസ്ഥൻ ആയിരുന്നേക്കാം അയാൾ. [12]ആ ഉദ്യോഗസ്ഥനോടുള്ള യേശുവിന്റെ ആദ്യപ്രതികരണം (യോഹന്നാൻ 4:48) യഥാർത്ഥത്തിൽ അസാധാരണമായിരുന്നു. അതൊരു വ്യക്തിപരമായ ശാസനയായിരുന്നില്ല മറിച്ച് പൊതുവിൽ മനുഷ്യവർഗ്ഗത്തെ കുറ്റം ആരോപിക്കുന്നതായിരുന്നു എന്നതു ശ്രദ്ധിക്കുക ("നിങ്ങൾ" എന്നതു ഗ്രീക്കിൽ ബഹുവചനമാണ്). ഒരു പക്ഷെ അത്ഭുതത്തിന്റെ ആവശ്യമില്ലാതെ "അവന്റെ വചനം നിമിത്തം" വിശ്വസിച്ച ശമര്യക്കാരുമായി, ഗലീലക്കാരെ താരതമ്യപ്പെടുത്തി യേശു വ്യത്യാസം (വാ. 41) കാണിക്കുകയായിരിക്കാം. ഒരുപക്ഷെ ആ വാക്കുകൾ മനുഷ്യന്റെ വിശ്വാസത്തെ പരീക്ഷിക്കുന്നതിനായിരിക്കാം. ഏതുവിധത്തിലായാലും, ആ വാക്കുകൾ യേശുവിൽ വിശ്വ*സിച്ച*, ആ ഉദ്യോഗസ്ഥനെ നിരുൽസാഹപ്പെടുത്തിയില്ല. [13]യേശു ദൂരെ നിന്നു ചെയ്ത നാലു അറിയപ്പെടുന്ന അത്ഭുതങ്ങളിൽ ഒന്നാണിത്, അതിൽ മത്തായി 8:5–13 ലും ലൂക്കൊസ് 7:1–10 ലും ഉള്ള ശതാധിപന്റെ ഭൃത്യനെ സൗഖ്യമാക്കുന്നതും; മത്തായി 15:22–28 ലും മർക്കൊസ് 7:25–30 ലുമുള്ള കനാന്യസ്ത്രീയുടെ മകളുടെ ഭൂതോപദ്രവം സൗഖ്യമാക്കിയതും; ലൂക്കൊസ് 17:11–37 ൽ പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കിയതും ഉൾപ്പെടുന്നു. [14]ഒരു മനുഷ്യൻ തന്റെ കുടുംബവുമായി ദൈവവചനം പങ്കിടുന്നതിനെ കാണിക്കുന്ന പ്രശംസനീയമായ ഉദാഹരണമാണിത്. [15]യേശു ഇതിനു മുൻപും കഫർന്നഹൂം സന്ദർശിച്ചിട്ടുണ്ട് (നോക്കുക യോഹന്നാൻ 2:12). [16]യേശു എന്തുകൊണ്ട് നസറെത്ത് വിട്ടു കഫർന്നഹൂമിലേക്ക് പോയി എന്നു വിവരിക്കുവാൻ, മിക്ക വിവരണങ്ങളും ഈ സമയത്ത് ലൂക്കൊസ് 4:16–30 ഇടയ്ക്കു ചേർത്തിട്ടുണ്ട്. പക്ഷെ

രണ്ടു കാരണങ്ങൾകൊണ്ട് ഞാൻ അതു ഇവിടെ ഉൾപ്പെടുത്തുന്നില്ല: (1) "കഫർന്നഹൂമിൽ നടന്നത്" എന്താണെന്നാണ് അവിടെ സൂചിപ്പിക്കുന്നത് (ലൂക്കൊസ് 4:23), എന്നാൽ ഇവിടെ നാം മനസ്സിലാക്കുന്നത്, കഫർന്നഹൂമിൽ ഒന്നും നടന്നിരുന്നില്ല എന്നാണ്. (2) ത്യജിക്കലിന്റെ അളവറ്റ സ്വഭാവം യോജിക്കുന്നത് യേശുവിന്റെ ഗലീലാ ശുശ്രൂഷയുടെ രണ്ടാം ഭാഗത്തോടാണ്. എങ്ങനെയായാലും, നിങ്ങൾക്ക് വേണമെങ്കിൽ, ആ സംഭവം ഇവിടെ ചേർക്കാം. [17]ഈ പ്രവചനത്തിന്റെ 6–ഉം 7–ഉം വാക്യങ്ങൾ വായിക്കുക, നിങ്ങൾക്ക് അത് ഒരുപക്ഷെ കൂടുതൽ പരിചയമുള്ളതാകാം. [18]അന്ത്രെയാസിനേയും പത്രൊസിനെയും പ്രത്യേകമായി യോഹന്നാൻ 1:40, 41–ൽ പറയുന്നുണ്ട്. പേർ പറയാത്ത ശിഷ്യൻ (യോഹന്നാൻ 1:37, 40) ഒരുപക്ഷെയോഹന്നാൻ ആയിരിക്കാമെന്നു നാം മുൻപു കാണുകയുണ്ടായി. അന്ത്രെയാസ് തന്റെ സഹോദരനായ പത്രൊസിനെ കൊണ്ടുവന്നതുപോലെ യോഹന്നാൻ തന്റെ സഹോദരനായ യാക്കൊബിനെ കൊണ്ടുവന്നു എന്ന് വേദഭാഗസന്ദർഭം സൂചിപ്പിക്കുന്നതായും നാം കണ്ടു. [19]ലൂക്കൊസിന്റെ പുസ്തകത്തിൽ "ഗന്നേസരെത്ത് തടാകം" എന്നാണ് (5:1), എന്നാൽ ഇതു ഗലീലാ കടലിനുള്ള മറ്റൊരു പേരാണ്. ഈ പുസ്തകത്തിലുള്ള "ഗലീലാ കടൽ" എന്നതു നോക്കുക. [20]നാലാമത്തെ പുരുഷനായ, അന്ത്രെയാസിനെ കുറിച്ച് മത്തായിയും മർക്കൊസും പറയുന്നുണ്ട്. ലൂക്കൊസ് അന്ത്രെയാസിനെ പ്രത്യേകമായി എടുത്തു പറയുന്നില്ല, എന്നാൽ പത്രൊസിനോടുകൂടെ യോഹന്നാനും യാക്കൊബുമല്ലാത്ത മറ്റൊരാളുണ്ടായിരുന്നതായി സൂചിപ്പിക്കുന്നു (ലൂക്കൊസ് 5:6, 7, 10). അവന്റെ സഹോദരനായിരുന്ന, അന്ത്രെയാസ്, പത്രൊസിനോടുകൂടെ മീൻ പിടിച്ചുകൊണ്ടിരുന്നു (മത്തായി 4:18).

[21]വിവരണങ്ങളിൽ വ്യത്യാസം ഉണ്ടാകുമ്പോൾ, എങ്ങനെയാണ് നിരപ്പിലെത്താൻ സാധിക്കുക എന്നു നമുക്ക് അറിയില്ലെങ്കിൽ പോലും – വ്യത്യാസങ്ങൾ യോജിപ്പിക്കുവാൻ *സാധിക്കു*മെന്നു മാത്രം അറിയുക. [22]ഈ സംഭവങ്ങളെ കുറിച്ചുള്ള പൂർണ്ണവിവരങ്ങൾക്ക്, "ശിഷ്യത്വത്തിനുള്ള ക്ഷണം" എന്ന പാഠം നോക്കുക. [23]വിൽ എഡ് വാരെൻ, തന്റെ പ്രസംഗ കുറിപ്പിൽ "ഞാൻ നിങ്ങളെ ആക്കും" എന്ന വാക്കുകൾക്കു പ്രത്യേക ഊന്നൽ കൊടുത്തിട്ടുണ്ട്: "ഒരാൾക്കു തന്റെ സ്വന്തം പരിശ്രമത്തിൽ ഒരു എഞ്ചിനീയറാകാൻ കഴിഞ്ഞേക്കും എന്നാൽ ഒരു ക്രിസ്ത്യാനി ആകുവാൻ സാധ്യമല്ല" (വിൽ എഡ് വാരെൻ, ക്ലാസ് സിലബസ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്: ദ സിനോപ്റ്റിക് ഗോസ്പെൽസ്,* ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, 1991, 16).